6. ന്യൂനപക്ഷ ജനവിഭാഗത്തിന്റെ സമഗ്ര വികസനവും സംരക്ഷണവും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അതത് കാലഘട്ടങ്ങളിൽ പുറപ്പെടുവിക്കുന്ന സംരക്ഷ വ്യവസ്ഥകളും പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താൻ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു

(ബി) ഉണ്ട്. ന്യൂനപക്ഷ തൊഴിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി യു.പി.എസ്.സി., പി.എസ്.സി., ബാങ്കിംഗ് സർവ്വീസ് പരീക്ഷകൾക്ക് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിനായി എല്ലാ ജില്ലകളിലും മുസ്ലീം യുവജന പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ കരിയർ ഗൈഡൻസ് പദ്ധതിയും അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കോച്ചിംഗ് ഫീസ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് റീ-ഇംബേഴ്സ് ചെയ്യുന്ന പദ്ധതിയും നടപ്പാക്കിവരുന്നു.

(സി) ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സംസ്ഥാന തലത്തിലുള്ള ഏകോപനവും നിയന്ത്രണവും മേൽനോട്ടവും പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പിന് കീഴിൽ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് നിർവ്വഹിച്ചുവരുന്നു. ജില്ലാതലത്തിൽ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ഡെപ്യൂട്ടി കളക്ടർ (ജനറൽ)-ന് കീഴിൽ ഒരു എൽ.ഡി. ക്ലാർക്ക് മാത്രം ഉൾപ്പെട്ട ന്യൂനപക്ഷ സെക്ഷൻ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലകളിലെ മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രം ജീവനക്കാരെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സഹകരിപ്പിച്ചു വരുന്നു. കൂടാതെ വകുപ്പിന് ജില്ലാതല ഓഫീസുകൾ തുടങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.

ആഗോള പ്രവാസി മലയാളി സംഗമം

7 (*277) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആഗോള പ്രവാസി മലയാളി സംഗമം സംഘടിപ്പിക്കുകയുണ്ടായോയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംഗമത്തിൽ സംസ്ഥാനം എന്തെല്ലാം കാര്യങ്ങളാണ് അവതരിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) സംഗമത്തിൽ എന്തെല്ലാം വിഷയങ്ങളാണ് ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) സംഗമത്തിൽ നടന്ന ചർച്ചകളിന്മേൽ എന്തെല്ലാം തുടർനടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) 2015 ജനുവരി 16, 17 തീയതികളിൽ ആഗോള പ്രവാസി മലയാളി സംഗമം കൊച്ചിയിൽ സംഘടിപ്പിക്കുകയുണ്ടായി.

(ബി) ആഗോള പ്രവാസി മലയാളി സംഗമത്തിൽ പ്രവാസി മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സർക്കാർ അവതരിപ്പിച്ചിട്ടുണ്ട്. പ്രവാസി മലയാളികളുടെ ലോകം-പ്രശ്നങ്ങൾ, വെല്ലുവിളികൾ, അവസരങ്ങൾ, ഗൾഫ്, യൂറോപ്പ് & അമേരിക്ക പ്രത്യേക സെഷനുകൾ, പ്രവാസി വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ, പ്രവാസികൾക്ക് അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ നിക്ഷേപിക്കുവാനുള്ള അവസരങ്ങൾ, മലയാളവും കേരള സംസ്കാരവും, പ്രവാസി മലയാളിക്ക് മേലുള്ള സ്വാധീനം, പ്രവാസി ക്ഷേമത്തിന് സമൂഹത്തിന്റെ പങ്ക് തുടങ്ങിയ വിഷയങ്ങൾ സെഷൻ അടിസ്ഥാനത്തിൽ തന്നെ വിശദമായി ചർച്ചയ്ക്കായി സർക്കാർ മുന്നോട്ട് വച്ചിരുന്നു. കൂടാതെ വിവിധ പ്രവാസി സംഘടനകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചു കൊണ്ട് ഇന്ററാക്ടീവ് സെഷനും സംഗമത്തിലെ പ്രതിനിധികളുടെ ഇറന്ന അഭിപ്രായത്തിന് വേദി ഒരുക്കിക്കൊണ്ട് മുഖ്യമന്ത്രിയും നോർക്ക വകുപ്പുമന്ത്രിയും പങ്കെടുത്ത ഓപ്പൺ ഫോറവും സംഘടിപ്പിച്ചിരുന്നു.

(സി) മുകളിൽ അവതരിപ്പിച്ച വിഷയങ്ങൾ കൂടാതെ ഇന്ത്യയ്ക്കകത്തും പുറത്തും താമസിക്കുന്ന പ്രവാസികളുടെ വിവിധ വിഷയങ്ങളും സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. പ്രവാസി മലയാളികളുടെ കുടുംബം നാട്ടിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, അവരുടെ സ്വത്തും, ആസ്തികളും സംബന്ധിച്ച പ്രശ്നങ്ങൾ, പ്രവാസികളുടെ യാത്രാ സൗകര്യം സംബന്ധിച്ച വിഷയം, പ്രവാസികൾക്ക് ലഭ്യമാക്കേണ്ട സഹായങ്ങൾ സംബന്ധിച്ച വിഷയം, ഔപചാരിക വിദ്യാഭ്യാസമില്ലാത്ത പ്രവാസി മലയാളികൾക്ക് നൈപുണ്യ സർട്ടിഫിക്കറ്റ് നൽകുന്ന വിഷയം തുടങ്ങിയവയാണ് അവയിൽ പ്രധാനപ്പെട്ടവ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആഗോള പ്രവാസി മലയാളി സംഗമത്തിൽ താഴെപ്പറയുന്ന പ്രഖ്യാപനങ്ങളും തീരുമാനങ്ങളും കൈക്കൊണ്ടിട്ടുണ്ട്.

1. പ്രവാസികളുടെ സ്വത്തുക്കളും സ്വകാര്യ ആസ്തികളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് അർദ്ധനീതിന്യായ അധികാരമുള്ള എൻ.ആർ.ഐ. കമ്മീഷൻ രൂപീകരിക്കും

2. പ്രൊഫഷണൽ മേഖലകളിൽ തൊഴിൽ പരിചയമുള്ള, എന്നാൽ വിദ്യാഭ്യാസ യോഗ്യത നേടിയിട്ടില്ലാത്തവരുമായ പ്രവാസികൾക്ക് തന്നെ മേഖലകളിൽ നൈപുണ്യത്തിന് സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കും.

3. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെ കുറിച്ച് പ്രവാസികളുടെ കുട്ടികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി പ്രവാസി എഡ്യൂക്കേഷൻ സെൽ രൂപീകരിക്കും.

4. കേരളത്തിലെ വിമാനത്താവളങ്ങളെ ഇന്റർനാഷണൽ എയർപോർട്ട് ഹബ്ബിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടും.

5. പ്രവാസികൾക്കായി നയങ്ങൾ, പദ്ധതികൾ, പ്രോജക്ടുകൾ എന്നിവ രൂപം നൽകുന്നതിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നോർക്ക അഡ്വൈസറി ബോർഡ് രൂപീകരിക്കും.

6. വിവിധ രാജ്യങ്ങളിൽ വിവിധ മേഖലകളിൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് സഹായകമായി പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികളുടെ മാനവവിഭവശേഷിയും നൈപുണ്യവും വർദ്ധിപ്പിക്കും.

7. സംസ്ഥാന വികസനത്തിന് പ്രവാസികളുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കും. ഈ പ്രഖ്യാപനങ്ങളിന്മേൽ സർക്കാർ തുടർനടപടികൾ സ്വീകരിച്ച വരികയാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാനദണ്ഡങ്ങൾ

8 (*278) ശ്രീ. വി. ശശി :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാർ പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly